DESPATCHED
On. 30/4/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 92(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 1911/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ഏപ്രിൽ 27

ശ്രീമതി. മഞ്ജുലേഖ വി.,
ആനന്ദ് ഭവൻ, മംഗലത്തുനട,
തച്ചപ്പള്ളി വാർഡ്, നേതാജിപുരം പി.ഒ.,
പോത്തൻക്കോട്, ശാന്തിഗിരി പി.ഒ.,
തിരുവനന്തപുരം – 685 589.
} അപ്പീൽ ഹർജിക്കാരി

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി
(സി.ഡി.എസ്),
പോത്തൻകോട് ഗ്രാമപഞ്ചായത്ത്,
പോത്തൻകോട് പി.ഒ., തിരുവനന്തപുരം.
2) അപ്പീൽ അധികാരി &
സി.ഡി.എസ്. മെമ്പർ സെക്രട്ടറി,
കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി
(സി.ഡി.എസ്),
പോത്തൻകോട് ഗ്രാമപഞ്ചായത്ത്,
പോത്തൻകോട് പി.ഒ., തിരുവനന്തപുരം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 28/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 10/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 31/01/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 31/01/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 24/02/2022 |
| ഹിയറിംഗ് നടന്ന തീയതി | 26/04/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി മഞ്ജുലേഖ വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, പോത്തൻകോട് കുടുംബശ്രീ സി.ഡി.എസ്.യുമായി ബന്ധപ്പെട്ട അഫിലിയേഷൻ, പുന:അഫിലിയേഷൻ, മാച്ചിങ്ങ് ഗ്രാന്റ്, ലിങ്കേജ് വായ്പ, എം.ഐ.എസ് എന്നിവ സംബന്ധിച്ചുള്ള വിവരാവകാശ അപേക്ഷയ്ക്ക്

അപൂർണ്ണവും ഭാഗികവുമായ വിവരങ്ങളാണ് നൽകിയതെന്നും ആവശ്യപ്പെട്ട വിവരങ്ങൾ എല്ലാം സി.ഡി.എസ്. ഓഫീസിൽ ലഭ്യമായിട്ടുള്ളതാണെന്നും അപ്പീൽ അപേക്ഷയിലുള്ള പല കാര്യങ്ങളും ബോധപൂർവ്വം തിരസ്കരിച്ചാണ് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതെന്നും ആയതിനാൽ അപ്പീൽവാദി ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ നൽകുന്നതിന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകണമെന്നും മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ എതിർകക്ഷികളെ മാതൃകാപരമായി ശിക്ഷിക്കണമെന്നുമാണ്.

2. ഹർജിക്കാരി 28.10.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. 2010 മുതൽ ഓരോ വർഷവും എത്ര അപേക്ഷകൾ പുതിയ അഫിലിയേഷനുമായി ബന്ധപ്പെട്ട് പോത്തൻകോട് സി.ഡി.എസ്.-ൽ ലഭിച്ചിട്ടുണ്ടെന്നും ഇങ്ങനെ ഓരോ വർഷവും ലഭിച്ച അപേക്ഷകളുടെയും എണ്ണം, അയൽക്കൂട്ടങ്ങളുടെ പേര് എന്നിവ വർഷം തോറും പ്രത്യേകം കാണിച്ചു നൽകണമെന്നും

ii. അയൽക്കൂട്ടങ്ങളുടെ പുന:അഫിലിയേഷനുമായി അഫിലിയേഷൻ പുതുക്കാത്ത അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് എ.ഡി.എസ്. തിരിച്ചു ലിസ്റ്റ് തയ്യാറാക്കി സി.ഡി.എസ്. കമ്മിറ്റി മുമ്പാകെ എല്ലായ്പ്പോഴും സമയബന്ധിതമായി അക്കൗണ്ടന്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതാത് വർഷം ഇങ്ങനെ ചെയ്തപ്പോഴുള്ള വിവരങ്ങൾ അഫീലിയേഷൻ പുതുക്കാത്ത അയൽക്കൂട്ടങ്ങളുടെ പേര്, എ.ഡി.എസ്. പേര്, സി.ഡി.എസ്. കമ്മിറ്റിയുടെ തീയതി എന്നിവ വർഷം തിരിച്ചു നൽകണമെന്നും

iii. സി.ഡി.എസ്. അക്കൗണ്ടന്റ് പോത്തൻകോട് പഞ്ചായത്തിലെ വിവിധ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക രജിസ്റ്ററും എം.ഐ.എസ്.മായി ഒത്തു നോക്കി കൃത്യത ഓരോ വർഷത്തിലും 6 മാസം കൂടുമ്പോൾ ഒത്തു നോക്കി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും എങ്കിൽ ആ അയൽക്കൂട്ടത്തിന്റെ സാമ്പത്തിക രജിസ്റ്ററും എം.ഐ.എസ്.യുമായി ഒത്തു നോക്കുന്ന പ്രവർത്തനം ഒരു വർഷം രണ്ടും പ്രാവശ്യം നടത്തേണ്ടതല്ലേ എന്നും ഓരോ അയൽക്കൂട്ടത്തിലും സാമ്പത്തിക രജിസ്റ്ററും എം.ഐ.എസ്.യുമായി ഒത്തുനോക്കി കൃത്യത ഉറപ്പു വരുത്തി അക്കൗണ്ടന്റ് സാക്ഷ്യപ്പെടുത്തി നൽകിയ തീയതി, അയൽക്കൂട്ടത്തിന്റെ പേര് സഹിതമുള്ള വിവരങ്ങൾ ഓരോ വർഷത്തെയും നൽകണമെന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 08.11.2021 തീയതി പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ അറിയിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം സി.ഡി.എസ്. ആഫീസുമായി ബന്ധപ്പെട്ട വിവരമായതിനാൽ ഹർജിക്കാരിക്ക് നേരിട്ട് വിവരം ലഭ്യമാക്കുന്നതിനായി പോത്തൻക്കോട് ഗ്രാമപഞ്ചായത്ത് സി.ഡി.എസ്. ആഫീസിലേക്ക് ഫയൽ കൈമാറിയിട്ടുണ്ടെന്നാണ്. തുടർന്ന് 25.11.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരി 10.12.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി 17.01.2022–ന് പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, അപേക്ഷയിൽ ആവശ്യപ്പെട്ട ഇനങ്ങളിൽ കൂടുതലും ചോദ്യരൂപത്തിലുള്ളവയാണെന്നും എസ്.പി.ഐ.ഒ.യുടെ പക്കലുള്ള വിവരമല്ല ആവശ്യപ്പെട്ടിരിക്കുന്നതെന്നും 2010 മുതലുള്ള വിവരം ആവശ്യപ്പെടുമ്പോൾ തന്നെ വിവരം മതി പകർപ്പ് വേണ്ട എന്നാണ് അറിയിച്ചിരിക്കുന്നതെന്നും വിവരം മറ്റൊരാൾക്ക് പകർപ്പ് മുഖേന മാത്രമാണ് കൈമാറുവാൻ സാധിക്കുന്നതെന്നും അല്ലാത്തപക്ഷം നേരിട്ട് പരിശോധിച്ചും വിവരം ശേഖരിക്കാമെന്നിരിക്കെ പകർപ്പ് വേണ്ട എന്ന് അപേക്ഷയിൽ പറയുകയും നേരിട്ട് പരിശോധിക്കാൻ ആവശ്യപ്പെടരുതെന്നുമുള്ള നിർദ്ദേശമാണ് അപേക്ഷയിൽ നൽകിയിരിക്കുന്നതെന്നും ചോദ്യം 1–ൽ ഉന്നയിച്ചിരിക്കുന്ന രജിസ്റ്ററിന്റെ പകർപ്പ് എസ്.പി.ഐ.ഒ. നിർദ്ദിഷ്ട ഫീസ് ഈടാക്കി അപേക്ഷകയ്ക്ക് നൽകേണ്ടതാണെന്നും മറ്റ് ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ എല്ലാം തന്നെ ക്രോഡീകൃത രൂപത്തിൽ സൂക്ഷിക്കുന്നവയല്ലെന്നും ആയതിനാൽ എസ്.പി.ഐ.ഒ. നൽകിയ മറുപടി അംഗീകരിക്കുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഹർജിയിലെ ഒന്നാം ഖണ്ഡികയിൽ വിവരാവകാശ നിയമം അനുശാസിക്കുന്ന രീതിയിൽ എസ്.പി.ഐ.ഒ., അപ്പീൽ അധികാരി എന്നിവരുടെ ബോർഡ് സ്ഥാപിച്ചിട്ടില്ല എന്നാണ് പരാതിപ്പെട്ടിരിക്കുന്നതെന്നും കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ടന്റിനെ എസ്.പി.ഐ.ഒ. ആയും, മെമ്പർ സെക്രട്ടറിയെ അപ്പീൽ അധികാരിയായും ചുമതലപ്പെടുത്തിക്കൊണ്ടുള്ള 15.1.2021–ലെ ജി.ഒ.(പി)/10/2021/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള ബോർഡ് സ്ഥാപിച്ചിട്ടുണ്ടെന്നും ചോദ്യം നമ്പർ നാലിൽ അക്കൗണ്ടന്റ് പരിശീലനം നൽകിയിട്ടുണ്ടോ എന്നുള്ള വിവരമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നും കുടുംബശ്രീ സി.ഡി.എസ്. ആഫീസിൽ പൂർണ്ണസമയ ജീവനക്കാരിയായി അക്കൗണ്ടന്റ് എന്ന ഒരു സ്റ്റാഫ് മാത്രമാണ് ജോലി ചെയ്ത് വരുന്നതെന്നും കുടുംബശ്രീ ത്രിതല സംഘടന സംവിധാനത്തിൽ പരിശീലനം നൽകുന്നതിനായി GLEN, SERG എന്നീ കുടുംബശ്രീ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും അയൽകൂട്ടങ്ങൾ രജിസ്റ്ററുകൾ പരിശോധനക്കായി എത്തിക്കുമ്പോൾ കാണുന്ന അപാകതകൾ

RIGHT TO INFORMATION

ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുകയാണ് ചെയ്യുന്നതെന്നും പ്രത്യേക പരിശീലനങ്ങൾ നിലവിൽ കുടുംബശ്രീ ജില്ലാ മിഷനാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതെന്നും ആയതിനാലാണ് അത്തരത്തിലുള്ള മറുപടി നൽകിയിട്ടുള്ളതെന്നും അപ്പീൽ അധികാരി അപേക്ഷ തീർപ്പാക്കുന്നതിന് മുൻപായി അപേക്ഷകയെ നേരിൽ കേൾക്കുന്നതിന് കത്ത് നൽകുകയുണ്ടായി എന്നും എന്നാൽ നേരിൽ ഹാജരാകാൻ സാധിക്കുകയില്ലായെന്ന് കാണിച്ച് കത്ത് തിരികെ തരികയും പരിഗണിക്കേണ്ട കാര്യങ്ങൾ കത്തിൽ രേഖപ്പെടുത്തുകയും ചെയ്തുവെന്നും ആയത് പരിഗണിച്ചാണ് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതെന്നും ശ്രീമതി മഞ്ജുലേഖ വിവിധ ആഫീസുകളിൽ നൽകിയ പരാതികളിൻമേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് ടി ആഫീസിൽ ലഭിച്ചിട്ടുള്ള കേസുകളിൽ യഥാസമയം തന്നെ മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരി ആവശ്യപ്പെട്ട വിവരം എസ്.പി.ഐ.ഒ. നിഷേധിച്ചിട്ടില്ലെന്നും വിവിധ ഫയലുകളിൽ നിന്നും വിവരം ക്രോഡീകരിച്ച് നൽകുക എന്നത് ഒരു ജീവനക്കാരി മാത്രമുള്ള ഓഫീസിൽ കാലതാമസം ഉണ്ടാക്കുമെന്നതിനാലും അപേക്ഷകയ്ക്ക് വിവരം ലഭ്യമാകുവാൻ കാലതാമസം ഉണ്ടാകുമെന്നതിനാലുമാണ് നേരിൽ വന്ന് വിവരം ശേഖരിക്കുന്നതിന് അവസരം നൽകിയിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, 2010 മുതലുള്ള വിവിധ ഫയലുകളിൽ നിന്നും ക്രോഡീകരിച്ച് നൽകേണ്ട ബൃഹത്തായ 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് കമ്മീഷന് ബോധ്യമാകുന്നു. ബഹു. സുപ്രീം കോടതി ആദിത്യ ബന്ദോപദ്ധ്യായ VS സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യുക്കേഷൻ എന്ന കേസിലെ വിധിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത് വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിലേക്കായി ഒരു ഓഫീസിലെ ഉദ്യോഗസ്ഥരുടെയും 75% സമയം ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടാകരുതെന്നാണ്. ഹർജിക്കാരി വിവരാവകാശ അപേക്ഷ നൽകിയ ഓഫീസിൽ ഒരു ജീവനക്കാരി മാത്രമാണ് ഉള്ളത് എന്നതിനാൽ ഹർജിക്കാരി സമർപ്പിച്ച ബൃഹത്തായ ചോദ്യങ്ങൾക്ക് വിവരം ശേഖരിച്ച് നൽകുന്നത് മൂലം ടി സ്ഥാപനത്തിൽ നിന്നും പൊതുജനങ്ങൾക്ക് സാധാരണയായി നൽകി വരുന്ന സേവനങ്ങൾക്ക് തടസ്സമുണ്ടാകുമെന്നതിൽ സംശയമില്ല. ആയതിനാൽ ഇക്കാര്യത്തിൽ ലഭ്യമായ മറുപടി സമയബന്ധിതമായി എതിർകക്ഷികൾ നൽകിയിട്ടുള്ളതും ഫയലിൽ ലഭ്യമായ മറ്റിനങ്ങൾക്ക് ഓഫീസിൽ നേരിട്ട് ഹാജരായി ബന്ധപ്പെട്ട രേഖകൾ നേരിൽ പരിശോധിച്ച് ആവശ്യമായ വിവരങ്ങൾ നേരിട്ട് പരിശോധിക്കാവുന്നതാണെന്ന് മറുപടി നൽകിയിട്ടുള്ളത് പരിഗണിച്ചും, ഹർജിക്കാരി തെറ്റായ വിലാസത്തിൽ നൽകിയ അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം ഒന്നാം

എതിർകക്ഷിക്ക് സെക്രട്ടറി കൈമാറി വിവരം ലഭ്യമാക്കിയിട്ടുള്ളത് പരിഗണിച്ചും മന:പൂർവ്വമോ ബോധപൂർവ്വമോ ആയ വീഴ്ച മറുപടി ലഭ്യമാക്കുന്നതിൽ എതിർകക്ഷികളുടെ ഭാഗത്ത് നിന്നും സംഭവിച്ചിട്ടില്ല എന്ന് കമ്മീഷന് ബോധ്യമായിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ മറ്റ് നിർദ്ദേശങ്ങൾ ഒന്നും കമ്മീഷൻ പുറപ്പെടുവിക്കുന്നില്ല. എന്നാൽ ഹർജിക്കാരി ആവശ്യപ്പെടുകയാണെങ്കിൽ ടിയാൾക്കോ ടിയാളുടെ പ്രതിനിധിക്കോ ബന്ധപ്പെട്ട രേഖകൾ നേരിട്ട് പരിശോധിച്ച് ആവശ്യമായ പകർപ്പുകൾ എടുക്കുന്നതിന് ഒരു അവസരം കൂടി ഒന്നാം എതിർകക്ഷി നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഏപ്രിൽ 27-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Sd/-

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us